# സൂഫിസം പ്രമാണങ്ങളുടെ വെളിച്ചത്തിൽ


## ശൈഖ് മുഹമ്മദ് ജമീൽ സൈനു

### വിവ. കബീർ എം. പറളി


## ദലാഇലുൽ ഖൈറാത്ത്

മുസ്‌ലിംകൾക്കിടയിൽ വളരെ കൂടുതൽ പ്രചാരത്തിലിരിക്കുന്ന സ്വലാത്ത് സമാഹാരമാണ് ദലാഇലുൽ ഖൈറാത്ത്. മുഹമ്മദ് ബ്ൻ സുലൈമാൻ അൽ ജസൂലിയാണ് അതിന്റെ കർത്താവ്. പള്ളികളിൽ വിശിഷ്യാ ജുമുഅ ദിവസങ്ങളിൽ ആളുകൾ ക്വുർആനിനേക്കാൾ പാരായണം ചെയ്യുന്നത് ഈ കൃതിയാണ്. ഭൗതിക ലാഭേച്ഛുക്കളായ പ്രസിദ്ധീകരണാലയക്കാർ, പരലോക നഷ്ടത്തെ വകവെക്കാതെ ദലാഇലുൽ ഖൈറാത്തിന്റെ പ്രിന്റിംഗിൽ മാത്സര്യം കാണിക്കാറുണ്ട്. എന്റെ കയ്യിലിരിക്കുന്ന കൃതി, അൽ ഹറമൈൻ പ്രിന്റിംഗ്, പബ്ലിഷിംഗ് ആന്റ് ഡിസ്ട്രിബ്യൂഷൻ, സിംഗപ്പൂർ, ജിദ്ദ എന്ന പ്രസിദ്ധീകരണാലയത്തിൽ നിന്നും പുറത്തിറങ്ങിയതാണ്.

മതനിയമങ്ങളെ സംബന്ധിച്ച് കാര്യബോധമുള്ള ഒരു വിവേകിയായ മുസ്‌ലിമിന് ഈ കൃതി തുറന്നു പരിശോധിക്കുന്ന വേളയിൽ തന്നെ ശരീഅത്തിന് വിരുദ്ധമായ ഒട്ടേറെ കര്യങ്ങൾ അതിൽ നിന്ന് കാണാനാകും. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

1. പുസ്തകത്തിന്റെ മുഖദ്ദിമയിൽ, 12-ാം പേജിലായി “മഹോന്നതമായ അവിടുത്തെ തിരുഹള്റത്തിൽ നിന്ന് സഹായം തേടിക്കൊണ്ട്” എന്ന ഒരു പ്രസ്താവന ഗ്രന്ഥകർത്താവിന്റേതായി വായിക്കാനാകും. പ്രവാചക തിരുമേനി(സ്വ)യോടുള്ള സഹായാർത്ഥനയാണ് അതിന്റെ താത്പര്യം.

   ഇസ്‌ലാമിക പ്രമാണങ്ങളായ ഖുർആനിന്റേയും സുന്നത്തിന്റേയും വ്യക്തമായ അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്, അല്ലാഹു അല്ലാത്തവരോട് സഹായാർത്ഥന നടത്തുക എന്നത്. അടിമകളുടെ ആവശ്യങ്ങളറിഞ്ഞ് സഹായിക്കാൻ അല്ലാഹുവിന് മാത്രമേ സാധിക്കൂ. ഖുർആൻ പറഞ്ഞു:

   إِن تَصْبِرُواْ وَتَتَّقُواْ وَيَأْتُوكُم مِّن فَوْرِهِمْ هَـذَا يُمْدِدْكُمْ رَبُّكُم بِخَمْسَةِ آلافٍ مِّنَ الْمَلآئِكَةِ مُسَوِّمِينَ (آل عمران: 125)

   (പിന്നീട് അല്ലാഹു വാഗ്ദാനം ചെയ്തു:) അതെ, നിങ്ങൾ ക്ഷമിക്കുകയും, സൂക്ഷ്മത പാലിക്കുകയും, നിങ്ങളുടെ അടുക്കൽ ശത്രുക്കൾ ഈ നിമിഷത്തിൽ തന്നെ വന്നെത്തുകയുമാണെങ്കിൽ നിങ്ങളുടെ രക്ഷിതാവ് പ്രത്യേക അടയാളമുള്ള അയ്യായിരം മലക്കുകൾ മുഖേന നിങ്ങളെ സഹായിക്കുന്നതാണ്. (ആലു ഇംറാൻ: 125)

   ഏത് സന്നിഗ്ദ ഘട്ടങ്ങളിലും മനുഷ്യരെ സഹായിക്കാൻ അല്ലാഹുവിനാണ് സാധിക്കുക എന്ന പാഠമാണ് ഈ ആയത്തിൽ നിന്നും നമുക്ക് മനസ്സിലാകുന്നത്.

   നബി(സ്വ) പറഞ്ഞു: നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായാർത്ഥന നടത്തുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം നടത്തുക. (തിർമിദി, ഹസനും സ്വഹീഹുമായ ഹദീസ്)

   എന്നാൽ തന്റെ കൃതിയുടെ തുടക്കം തന്നെ അല്ലാഹു അല്ലാത്തവരോടുള്ള സഹായാർഥന കൊണ്ടാണെങ്കിൽ അതിന്റെ ബാക്കി ഭാഗങ്ങൾ എത്രമാത്രം അപകടം നിറഞ്ഞതായിരിക്കും?!

2. അബുൽ ഹസൻ അശ്ശാദുലിയുടെ ഹിസ്ബുന്നസ്റിൽ അതിന്റെ ഹാശിയയിലായി അൽ ജസൂലി നൽകുന്ന പ്രാർഥന കാണുക:

   يا هو، يا هو، يا من بفضله لفضله نسألك العجل

   “ഹേ, അവനേ, ഹേ, അവനേ, അനുഗ്രഹത്തിന്റെ ഉടയവനേ, തന്റെ വേഗതയാർന്ന അനുഗ്രഹത്തിനായി നിന്നോട് ഞാൻ തേടുന്നു.”

അല്ലാഹുവിനെ ഉദ്ദേശിച്ചു കൊണ്ടാണ്, 'യാ ഹുവ' എന്ന് ഇവിടെ സംബോധന ചെയ്തിട്ടുള്ളത്. 'ഹുവ' എന്നത് അല്ലാഹുവിന്റെ അസ്മാഉൽ ഹുസ്നയിൽ ഉൾപ്പെട്ടതല്ല. അത് വെറുമൊരു സർവനാമം മാത്രമാണ്. അറബീ ഭാഷയിൽ അത്, അതിന് മുമ്പ് വന്ന നാമത്തിനു ശേഷമാണ് വരിക. അതു കൊണ്ടു തന്നെ ഹുവക്ക് മുമ്പ് അല്ലാഹുവിനെ പ്രതിനിധികരിക്കാനായി 'യാ' എന്ന സംബോധനാവാചകം ഉപയോഗിക്കാവതല്ല. സ്വൂഫികളാണ് ഇത്തരം പ്രയോഗത്തിന്റെ ആളുകൾ. അവരാണ് ഈ ബിദ്അത്ത് നടപ്പിൽ വരുത്തിയത്.

3. ദലാഇലുൽ ഖൈറാത്തിൽ അൽ ജസൂലി പ്രവാചക തിരുമേനി(സ്വ)യുടെ നാമങ്ങൾ എണ്ണിപ്പറയുന്നുണ്ട്. അല്ലാഹുവിന് മാത്രം യോജിക്കുന്ന നാമങ്ങളാണ് നബി തിരുമേനിയുടെ മേൽ അദ്ദേഹം ചാർത്തിക്കൊടുത്തിട്ടുള്ളത്! ഏതെല്ലാം പേരുകളാണ് പ്രവാചകന്റേതെന്ന് ഹദീസുകളിൽ നിന്ന് നാം മനസ്സിലാക്കിയിട്ടുള്ളതാണ്. സാന്ദർഭികമായി അത് കാണുക: നബി(സ്വ) പറഞ്ഞു: എനിക്ക് ചില പേരുകളുണ്ട്; ഞാൻ മുഹമ്മദാണ്, അഹ്മദാണ്, ഞാൻ അൽമാഹി(മായ്ചു കളയുന്നവൻ)യാണ്; ഞാൻ മുഖാന്തിരം അല്ലാഹു കുഫ്റിനെ മായ്ചു കളയും, ഞാൻ അൽ ഹാശിർ (ഒരുമിച്ച് കൂട്ടുന്നവൻ) ആണ്; എന്റെ മുന്നിലാണ് ആളുകൾ മഹ്ശറിൽ ഒരുമിച്ചു കൂട്ടപ്പെടുക. ഞാൻ അൽ ആകിബ് (പിൻഗാമി) ആണ്; അഥവാ വേറൊരു പിൻഗാമിയുമില്ലാത്ത അവസാനത്തെയാൾ. റഊഫെന്നും റഹീമെന്നും അല്ലാഹു തിരുമേനിക്ക് പേരു നൽകിയിട്ടുണ്ട്. (മുസ്ലിം)

   അബൂമൂസൽ അശ്അരി പറഞ്ഞു: നബി(സ്വ) അവിടുത്തെ പേരുകൾ എണ്ണിപ്പറഞ്ഞു തന്നിട്ടുണ്ട്. അവിടുന്ന് പറഞ്ഞു: മുഹമ്മദ്, അൽ മുക്വഫ്ഫ, അൽ ഹാശിർ, നബിയ്യുത്തൗബ, നബിയ്യുറഹ്മ എന്നിവ എന്റെ പേരുകളാണ്. (മുസ്ലിം)

4. ദലാഇലുൽ ഖൈറാത്തിൽ പ്രവാചകന്റേതായി ജസൂലി നൽകിയ നാമങ്ങൾ നോക്കുക. മുഹ്യി (ജീവിപ്പിക്കുന്നവൻ), മുൻജി (രക്ഷപ്പെടുത്തുന്നവൻ) നാസ്വിർ (സഹായിക്കുന്നവൻ) ഗൗസ് (സഹായമേകുന്നവൻ) ഗയ്യാസ് (അപാരമായി സഹായിക്കുന്നവൻ), സ്വാഹിബുൽ ഫറജ് (വിഷമനിവൃത്തി നൽകുന്നവൻ) കാശിഫുൽ കുറബ് (പ്രയാസങ്ങൾ അകറ്റുന്നവൻ), ശാഫി (ശമനമേകുന്നവൻ) (പേജ് 38, 40, 43, 47)

   മേൽ പറയപ്പെട്ട നാമങ്ങളെല്ലാം പറയപ്പെടാൻ അർഹൻ യഥാർഥത്തിൽ പരമപരിശുദ്ധനായ അല്ലാഹു മാത്രമാണ്. മഹാനായ ഇബ്റാഹീം നബി(അ) അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന ഭാഗം ഖുർആനിൽ നിന്ന് വായിച്ചാൽ അക്കാര്യം നമുക്ക് ബോധ്യപ്പെടും. നോക്കുക:

الَّذِي خَلَقَنِي فَهُوَ يَهْدِينِ ۝ وَالَّذِي هُوَ يُطْعِمُنِي وَيَسْقِينِ ۝ وَإِذَا مَرِضْتُ فَهُوَ يَشْفِينِ ۝ وَالَّذِي يُمِيتُنِي ثُمَّ يُحْيِينِ (الشعراء: 78–81)

"അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ. എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ." (ശുഅറാഅ്: 78–81)

മഹാനായ പ്രവാചകനെ, അപാരമായി സഹായിക്കുന്നവൻ, വിഷമനിവൃത്തി നൽകുന്നവൻ, പ്രയാസങ്ങൾ അകറ്റുന്നവൻ, എന്നൊക്കെ വിശേഷിപ്പിക്കുകവഴി, അല്ലാഹുവിന്റെ ഖണ്ഡിതമായ വചനങ്ങളെയാണ് ദലാഇലുൽ ഖൈറാത്തുകാരൻ നിഷേധിക്കുന്നത്. പടച്ചവൻ നബി(സ്വ)യോട് പറയാനായി ആവശ്യപ്പെടുന്നത് കാണുക:

قُلْ إِنِّي لَا أَمْلِكُ لَكُمْ ضَرًّا وَلَا رَشَدًا (الجن: 21)

"പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെ അധീനതയിലല്ല." (ജിന്ന്: 21)

قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَى إِلَيَّ أَنَّمَا إِلَهُكُمْ إِلَهٌ وَاحِدٌ (الكهف: 110)

"(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു." (കഹ്ഫ്: 110)

അല്ലാഹുവിന്റെ അസ്മാഉ വസ്സ്വിഫാത്തിൽ അവന്റെ പ്രവാചകനേയും സമമാക്കുകവഴി വിശുദ്ധ ഖുർആനിനെ ധിക്കരിക്കുകയാണ് ദലാഇലുൽ ഖൈറാത്തുകാരൻ ചെയ്തിട്ടുള്ളത് എന്ന് ഈ ആയത്തുകളെ മുന്നിൽ വെച്ച് നമുക്ക് തീർത്തു പറയാം. അല്ലാഹുവിന്റെ റസൂൽ(സ്വ) ഈ ആരോപണത്തിൽ നിന്നും മുക്തനാണ്. ശിർക്കുൽ അക്ബറെന്ന് അഥവാ

അല്ലാഹു ഒരിക്കലും പൊറുക്കാത്ത ശിർക്കെന്ന് വിധിക്കാവുന്ന ഗൗരവപ്പെട്ട സംഗതിയാണ് ഇത്.

തന്റെ അടുക്കൽ വന്ന്, "പ്രവാചകരേ, അല്ലാഹുവും താങ്കളും ഉദ്ദേശിച്ച വിധം" എന്ന് പറഞ്ഞ് സംസാരം തുടങ്ങിയ മനുഷ്യനോട് നബി തിരുമേനി(സ്വ) പറഞ്ഞത്; "നീയെന്നെ അല്ലാഹുവിന് സമനാക്കുകയാ? അല്ലാഹു ഉദ്ദേശിച്ചത് എന്ന് മാത്രമേ നീ പറയാവൂ" (നസാഈ, ഹസനായ സനദ്) എന്നാണ്. അല്ലാഹുവിന് യാതൊരു കാര്യത്തിലും സമന്മാരെ സങ്കൽപ്പിക്കാൻ പാടില്ല എന്ന കാര്യത്തിൽ പ്രവാചകന്റെ സൂക്ഷ്മത എത്രമാത്രമാണെന്ന് ശ്രദ്ധിച്ചു നോക്കുക!

ഒരിക്കൽ റസൂലുല്ലാഹി(സ്വ) പറഞ്ഞു: ക്രിസ്ത്യാനികൾ ഇബ്നു മർയമിനെ (അ) (ഈസാ നബിയെ) അമിത പ്രശംസ നടത്തിയതു പോലെ നിങ്ങളെന്നെ അമിത പ്രശംസ നടത്തരുത്. ഞാനൊരടിമ മാത്രമാണ്. എന്നെപ്പറ്റി അല്ലാഹുവിന്റെ ദാസൻ, അവന്റെ റസൂൽ എന്നിങ്ങനെയേ നിങ്ങൾ പറയാവൂ. (ബുഖാരി)

5. എന്നാൽ, ദലാഇലുൽ ഖൈറാത്തുകാരൻ പ്രവാചകന്റെ ഈ ഉപദേശമൊന്നും വകവെക്കുന്നില്ല. നബി തങ്ങൾക്ക് മുഹൈമിൻ, ജബ്ബാർ, റൂഹുൽ ഖുദ്സ് എന്നിങ്ങനെയുള്ള പേരുകളും പേജ്, 41, 42 കളിൽ നൽകിയതായി കാണാനാകും. എന്നാൽ ഇത്തരം നാമങ്ങൾ നബി(സ്വ)ക്ക് ചേർന്നതല്ലെന്ന് ഖുർആൻ തന്നെ വ്യക്തമാക്കിയതാണ്. അല്ലാഹു പറയുന്നു:

لَّسْتَ عَلَيْهِم بِمُصَيْطِرٍ (الغاشية : 22)

"നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല." (ഗാശിയ: 22)

റൂഹുൽ ഖുദ്സ് എന്നത് മുഹമ്മദ് നബി(സ്വ)യുടെ നാമമല്ല. അത് ജിബ്രീൽ(അ)ന്റെ പേരാണ്. ഖുർആനിൽ നിന്നും നമുക്ക് അക്കാര്യം മനസ്സിലാക്കാനാകുന്നതാണ്.

قُلْ نَزَّلَهُ رُوحُ الْقُدُسِ مِن رَّبِّكَ بِالْحَقِّ لِيُثَبِّتَ الَّذِينَ آمَنُواْ وَهُدًى وَبُشْرَى لِلْمُسْلِمِينَ (النحل : 102)

പറയുക: വിശ്വസിച്ചവരെ ഉറപ്പിച്ച് നിർത്താൻ വേണ്ടിയും, കീഴ്പെട്ടുജീവിക്കുന്നവർക്ക് മാർഗദർശനവും സന്തോഷവാർത്തയും ആയിക്കൊണ്ടും സത്യപ്രകാരം പരിശുദ്ധാത്മാവ് (റൂഹുൽ ഖുദ്സ്) നിന്റെ രക്ഷിതാവിങ്കൽ നിന്ന് അത് ഇറക്കിയിരിക്കുകയാണ്. (നഹ്ൽ: 102)

6. ദലാഇലുൽ ഖൈറാത്തിലെ പേജ് 37-115 ഭാഗങ്ങളിലായി മഹാനായ പ്രവാചകന് യോജിക്കാത്ത ചില നാമങ്ങളും അതിന്റെ കർത്താവ് ചാർത്തിക്കൊടുത്തതായി കാണാൻ സാധിക്കും! അഹ്യദ് (മാറിനിൽക്കുന്നവൻ), അജീർ (കൂലിക്കാരൻ), ജുർസൂമ: (അണു) തുടങ്ങിയവയാണ് അവ! പുസ്തകത്തിന്റെ തുടക്കത്തിൽ, മുഹ്യി, നാസ്വിർ, ശാഫി, മുൻജി തുടങ്ങിയ നാമങ്ങൾ നൽകി പ്രവാചകനെ ദൈവികപദവിയിലിരുത്തിയ അതേ കൈകൾ കൊണ്ടു തന്നെ അവസാന ഭാഗത്തെത്തുമ്പോഴേക്കും ദലാഇലുൽ ഖൈറാത്തുകാരൻ അപമാനിച്ചിരുത്തുകയാണ് ചെയ്യുന്നത്! അല്ലാഹുവിന്റെ ഹബീബായ റസൂലിനെ, അണുവെന്നും, കൂലിക്കാരനെന്നുമൊക്കെ പേരിട്ടു വിളിച്ചാൽ ആരുടെ മനസ്സാണ് വേദനിക്കാതിരിക്കുക.? ഉപദ്രവകാരിയായ രോഗാണുവിനെപ്പോലെ ജനങ്ങൾ പ്രവാചകനെ മനസ്സിലാക്കാനിടവന്നാൽ...!! ഇല്ല, അല്ലാഹുവിന്റെ റസൂൽ അങ്ങനെയല്ല. സമൂഹത്തിന് ഉപകാരിയായി നിലകൊണ്ട, തന്നിലർപ്പിതമായ രിസാലത്തിന്റെ ദൗത്യം കൃത്യമായി ജനങ്ങളിലെത്തിച്ച മഹാനാണദ്ദേഹം. തനിക്കു ലഭിച്ച ദൈവിക പാഠങ്ങൾ നൽകി മനുഷ്യ സമൂഹത്തെ, ഇരുളിൽ നിന്ന്, ശിർക്കിൽ നിന്ന്, ഭിന്നതയിൽ നിന്ന് നീതിയിലേക്കും, തൗഹീദിലേക്കും അദ്ദേഹം കൈപിടിച്ചുയർത്തി.

അണുവെന്നതു കൊണ്ട് ദലാഇലുകാരൻ ഉദ്ദേശിച്ചത്, നബി(സ്വ) പ്രപഞ്ച സൃഷ്ടിപ്പിന്റെ പ്രഥമാണുവാകുന്നു എന്ന നിലക്കാണെങ്കിൽ, അതും പ്രമാണങ്ങൾക്ക് വിരുദ്ധമാണ്. അടിസ്ഥാനമില്ലാത്ത വെറും ജല്പനം.

7. പേജ് നമ്പർ 90-ൽ പ്രവാചകന്നു വേണ്ടിയുള്ള ഒരു പ്രാർഥനയുണ്ട്. അതിൽ അന്യായമായ വർണ്ണനകളാണ് പ്രവാചകന്റെ മേൽ വെച്ചുകെട്ടിയിട്ടുള്ളത്. സൽകർമ്മങ്ങളെ അടിയോടെ തകർക്കുന്ന ശിർക്കിന്റെ വരികളാണവ. വായിച്ചു നോക്കുക:

اللهمَّ صَلِّ عَلى مَنْ تَفتَّقَتْ مِنْ نُورِهِ الأَزْهَارُ، واخْضَرَّتْ مِنْ بَقِيَّةِ مَاءِ وَضَوْئِهِ الأَشْجَارُ

'ആരുടെ പ്രകാശത്താലാണൊ പൂവുകൾ വിടരുന്നത്, ആരുടെ വെള്ളവും വെളിച്ചവുമേറ്റാണൊ ചെടികൾ പച്ചപ്പണിയുന്നത്, അദ്ദേഹത്തിന്റെ മേൽ അല്ലാഹുവേ, നീ അനുഗ്രങ്ങൾ വർഷിക്കേണമേ!!'

സുബ്ഹാനല്ലാഹ്! യഥാർഥത്തിൽ അല്ലാഹുവാണ് മരങ്ങളെ സൃഷ്ടിക്കുന്നത്, അവൻ തന്നെയാണ് പൂവുകളെ വിടർത്തുന്നതും, ചെടികൾക്ക് പച്ചപ്പേകുന്നതും. അപ്പോൾ ദലാഇലുകാരൻ പറഞ്ഞത്? പച്ചക്കള്ളമാണത്.

8. പേജ് നമ്പർ 100-ൽ എല്ലാ സൃഷ്ടികളുടേയും കാരണഭൂതനായവൻ എന്ന് പ്രവാചകനെ വിശേഷിപ്പിച്ചതായി കാണാം.

എല്ലാ പ്രാപിഞ്ചിക വസ്തുക്കളും നബി(സ്വ)ക്ക് വേണ്ടിയാണ് സൃഷ്ടിച്ചത് എന്നാണൊ ഈ വിശേഷണം കൊണ്ട് അയാൾ അർഥമാക്കിയിരിക്കുക? എങ്കിലത് നുണയാണ്, വഴികേടാണ്! അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ വേണ്ടിയാണ് സൃഷ്ടികൾ ജന്മം നൽകപ്പെട്ടിട്ടുള്ളത്. അല്ലാഹു പറയുന്നു:

''എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നുകളേയും മനുഷ്യരേയും ഞാൻ സൃഷ്ടിച്ചിട്ടില്ല.'' (അദ്ദാരിയാത്ത്: 56)

9. താഴെ കാണും വിധം ഒരു പ്രാർഥന പേജ് 198ൽ കാണാനാകും:

اللهُمَّ صَلِّ عَلَى مُحَمَّدٍ مَا سَجِعَتِ الْحَمَائِمُ، وَحَمَتِ الْحَوَائِمُ، وَسَرِحَتِ الْبَهَائِمُ، وَنَفَعَتِ التَّمَائِمُ

'പ്രാവുകൾ കുറുകുവോളം, പരുന്തുകൾ പാറുവോളം, മൃഗങ്ങൾ വിഹരിക്കുവോളം, ഉറുക്കുകൾ ഉപകാരം നൽകുവോളം അല്ലാഹുവേ നീ പ്രവാകന്ന് അനുഗ്രങ്ങൾ വർഷിക്കേണമേ!!'

നബി(സ്വ)യുടെ അധ്യാപനത്തിന് വിരുദ്ധമായ പ്രാർഥനയാണിത്. അവിടുന്ന് പറഞ്ഞു:

''ആരൊരുവൻ ഉറുക്ക് (തമീമത്ത്) കെട്ടിയൊ അവൻ അല്ലാഹുവിൽ പങ്ക്ചേർത്തു അഥവാ ശിർക്ക് ചെയ്തു.'' (അഹ്മദ്, സ്വഹീഹായ ഹദീസ്)

കുഞ്ഞുങ്ങളുടെ കയ്യിലൊ, വാഹനങ്ങളിലൊ, വീടുകളിലൊ കണ്ണേറിൽ നിന്നുള്ള സുരക്ഷക്കായി കെട്ടുന്ന ഒരു തരം ഉറുക്കിനെയാണ് അറബിയിൽ തമീമ എന്ന് പറയുന്നത്. ഇത് ശിർക്കിലുൾപ്പെട്ട സംഗതിയാണ്. ഇത്തരം സാധനങ്ങൾക്ക് ഉപദ്രവത്തിൽ നിന്ന് സംരക്ഷണമേകാൻ സാധ്യമല്ല. ഖുർആനിന്റെ പ്രസ്താവനക്ക് വിരുദ്ധമാണ് ഉറുക്ക് വിശ്വാസം. അല്ലാഹു പറയുന്നു:

وَإِن يَمْسَسْكَ اللّهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ وَإِن يَمْسَسْكَ بِخَيْرٍ فَهُوَ عَلَى كُلِّ شَيْءٍ قَدُيرٌ (الأنعام: 17)

''(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുക യാണെങ്കിലോ അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനത്രെ.'' (അൻആം: 17)

10. ജസൂലി നൽകുന്ന മറ്റൊരു പ്രാർഥന കാണുക:

اللهمَّ صلِّ علىَ مُحَمَّدٍ حتى لاَ يَبْقَى مِنْ الصَّلاةِ شيءٌ، وَارْحَمْ مُحَمَّداً حتى لاَ يَبْقى مِنَ الرحمة شيءٌ، وَبَارِكْ عَلَى مُحمَّدٍ حتى لاَ يَبْقَى مِنَ البَرَكَةِ شيءٌ، وسَلِّمْ عَلَى مُحمَّدٍ حتى لاَ يَبْقَى مِنَ السَّلامِ شيءٌ.

അല്ലാഹുവേ, അനുഗ്രഹത്തിൽ നിന്ന് യാതൊന്നും അവശേഷിക്കാത്ത വിധം മുഹമ്മദിന് നീ അനുഗ്രഹം ചൊരിയേണമേ. കാരുണ്യത്തിൽ നിന്ന് യാതൊന്നും അവശേഷിക്കാത്ത വിധം മുഹമ്മദിന് നീ കാരുണ്യം ചൊരിയേണമേ. ബർകത്തിൽ നിന്ന് യാതൊന്നും അവശേഷിക്കാത്ത വിധം മുഹമ്മദിന് നീ ബർകത്ത് ചൊരിയേണമേ. സമാധാനത്തിൽ നിന്ന് യാതൊന്നും അവശേഷിക്കാത്ത വിധം മുഹമ്മദിന് നീ സമാധാനം ചൊരിയേണമേ!! (പേ. 64)

അടിസ്ഥാനരഹിതമായ വാദങ്ങളടങ്ങിയ സ്വലാത്താണിത്. ഖുർആനിക പാഠങ്ങൾക്ക് വിരുദ്ധമായ ജൽപനം. അല്ലാഹുവിന്റെ അനുഗ്രഹവും, കാരുണ്യവും, ബർക്കത്തും, സമാധാനവും ഒരിക്കലും വറ്റാത്തതാണ്. ഒരിക്കലും അവസാനിക്കാത്ത വിധം അനന്തമാണവ. അല്ലാഹുവിന്റെ കലാമുകൾക്കു പോലും അറ്റമില്ലെന്ന സത്യം പടച്ചവൻ തന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതാണ്. അല്ലാഹു പറഞ്ഞു:

قُل لَّوْ كَانَ الْبَحْرُ مِدَادًا لِّكَلِمَاتِ رَبِّي لَنَفِدَ الْبَحْرُ قَبْلَ أَن تَنفَدَ كَلِمَاتُ رَبِّي وَلَوْ جِئْنَا بِمِثْلِهِ مَدَدًا (الكهف:109)

(നബിയേ,) പറയുക: സമുദ്രജലം എന്റെ രക്ഷിതാവിന്റെ വചനങ്ങളെഴുതാനുള്ള മഷിയായിരുന്നെങ്കിൽ എന്റെ രക്ഷിതാവിന്റെ വചനങ്ങൾ തീരുന്നതിന് മുമ്പായി സമുദ്രജലം തീർന്ന് പോകുക തന്നെ ചെയ്യുമായിരുന്നു. അതിന് തുല്യമായ മറ്റൊരു സമുദ്രം കൂടി നാം സഹായത്തിനു കൊണ്ട് വന്നാലും ശരി. (കഹ്ഫ്: 109)

11. ജസൂലിയുടെ ദലാഇലുൽ ഖൈറാത്തിൽ അവസാനത്തെ പേജുകളിലായി (പേ. 259, 260) സ്വലാത്തുൽ മഷീഷിയ്യ എന്നൊരു സ്വലാത്തുണ്ട്. അതിങ്ങനെ:

اللَّهُمَّ صَلِّ عَلَى مَنْ مِنْهُ انْشَقَّتِ الأَسْرَارُ، وانْفَلَقَتِ الأَنْوَارُ، وفِيهِ ارْتَقَتِ الحَقَائِقُ ... وَلاَ شَيْءٌ إِلاَّ وهُوَ بِهِ مَنُوطٌ .....

അല്ലാഹുവേ, ആരിൽ നിന്നാണൊ രഹസ്യങ്ങൾ പുറത്തുവരുന്നത്, പ്രകാശനാളങ്ങൾ പിളർന്നെത്തുന്നത്, ആരിലാണോ പരമസത്യങ്ങൾ പ്രകടമാകുന്നത്, അദ്ദേഹത്തിന് നീ അനുഗ്രഹം ചൊരിയേണമേ... ഏതൊരു വസ്തുവുണ്ടൊ അവയെപ്പറ്റിയൊക്കെ അദ്ദേഹത്തിനറിയാം...

യാതൊരടിസ്ഥാനവുമില്ലാത്ത കാര്യങ്ങളാണ് നബി(സ്വ)യുടെ വിശേഷണങ്ങളായി ദലാഇലുകാരൻ മേൽ വരികളിലൂടെ പറഞ്ഞു കൂട്ടിയിരിക്കുന്നത്!! ഈ പ്രാർഥനയോടൊപ്പം ചേർത്ത് ചൊല്ലുന്ന പ്രാർഥനാവരികൾ ഇതിലും വലിയ അപകടം നിറഞ്ഞ അവസ്ഥയിലുള്ളതാണ് (പേ. 26). അത് വായിക്കുക:

وَزُجَّ بِي فِي بِحَارِ الأَحَدِيَّةِ، وانْشَلْنِي مِنْ أَوْحَالِ التَّوْحِيدِ وَأَغْرِقْنِي فِي عَيْنِ بَحْرِ الْوَحْدَةِ حَتَّى لاَ أَرَى وَلاَ أَسْمَعُ ولاَ أَحُسُّ إِلاَّ بِهَا.

'അല്ലാഹുവേ, അഹദിയ്യത്തിൽ എന്നെ നീ ചേർക്കേണമേ! തൗഹീദിന്റെ മാലിന്യങ്ങളിൽ നിന്നും നീയെന്നെ രക്ഷപ്പെടുത്തേണമേ! ഏകത്വത്തിന്റെ ആഴിയിൽ എന്നെ നീ മുക്കിയാഴ്ത്തേണമേ! അങ്ങനെ ഞാൻ കാണുന്നതും, കേൾക്കുന്നതും, സ്പർശിക്കുന്നതും അതുമാത്രമായിത്തീരട്ടെ!!!'

ഈ പ്രാർഥനാവരികളിലടങ്ങിയിരിക്കുന്ന ഗുരുതരമായ അപകടത്തെപ്പറ്റി ആലോചിച്ചു നോക്കുക. രണ്ടു കാര്യങ്ങളാണിതിൽ ഉള്ളടങ്ങിയിരിക്കുന്നത്.

ഒന്ന്: തൗഹീദിന്റെ മാലിന്യങ്ങളിൽ നിന്നും നീയെന്നെ രക്ഷപ്പെടുത്തേണമേ എന്ന്. എന്തൊരപരാധമാണിത്! തൗഹീദിന് മാലിന്യമുണ്ടെന്നൊ! അല്ലാഹുവിന്റെ തൗഹീദെന്നാൽ അവന് മാത്രം ഇബാദത്ത് ചെയ്യലാണ്, അവനോട് മാത്രമുള്ള പ്രാർഥനയാണ്. അതാകട്ടെ, ഇബ്നു മഷീഷ് വാദിക്കുന്നതുപോലെ ചളിപുരണ്ട ഒന്നല്ല; തീർത്തും പരിശുദ്ധമായ സംഗതിയാണത്. അതെങ്ങിനെയാണ് മാലിന്യമായിത്തീരുക? യഥാർഥത്തിൽ അല്ലാഹു വല്ലാത്തവരെ, അമ്പിയാക്കന്മാരേയും ഔലിയാക്കന്മാരേയും ആരാധിക്കുന്നതിലും പ്രാർഥിക്കുന്നതിലുമല്ലെ മാലിന്യം കുടിയിരിക്കുന്നത്? അതാണ് കർമ്മങ്ങളെ മുഴുവൻ നഷ്ടപ്പെടുത്തുന്ന, നരകത്തിൽ ശാശ്വതവാസം നേടിക്കൊടുക്കുന്ന കൊടിയ ശിർക്ക്.

രണ്ട്: അഹദിയ്യത്തിൽ എന്നെ നീ ചേർക്കേണമേ, ഏകത്വത്തിന്റെ ആഴിയിൽ എന്നെ നീ മുക്കിയാഴ്ത്തേണമേ എന്ന വരികൾ. കലർപ്പില്ലാത്ത അദ്വൈത വാദമാണിത്. സൂഫീ പാതിരിയായ ഇബ്നു അറബിയുടെ സിദ്ധാന്തമാണിത്. 'അല്ലാഹുവും അടിമയും റബ്ബുതന്നെയാണ്, അതു കൊണ്ടു തന്നെ രണ്ടുപേർക്കും ശറഈ ബാധ്യതയുമില്ല' എന്ന അപകടകരവും അനിസ്‌ലാമികവുമായ വാദം അയാൾ തന്റെ അൽഫുതൂഹാതുൽ മക്കിയ്യ എന്ന കൃതിയിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. ദലാഇലുൽ ഖൈറാത്തിലെ ഇബ്നു മഷീഷിന്റെ വാദവും ഇബ്നു അറബിയുടെ വാദത്തിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല! അല്ലാഹുവിൽ ശരണം.

12. ദലാഇലുൽ ഖൈറാത്തിലെ 83-ാമത്തെ പേജിൽ താഴെ കാണുന്ന വിധം ഒരു പ്രാർഥന കൊടുത്തിട്ടുണ്ട്.

اَللَّهُمَّ صَلِّ عَلَى كَاشِفِ الْغُمَّةِ اَللَّهُمَّ صَلِّ عَلَى مُجْلِي الظُّلْمَةِ اَللَّهُمَّ صَلِّ عَلَى مُولِي النِّعْمَةِ اَللَّهُمَّ صَلِّ عَلَى مُؤْتِي الرَّحْمَةِ

അല്ലാഹുവേ, ദുഃഖങ്ങൾക്ക് മുക്തി നൽകുന്ന, ഇരുളുകളെ വിപാടനം ചെയ്യുന്ന, അനുഗ്രഹത്തിന്റെ കൈകാര്യക്കാരനും, കാരുണ്യം നൽകുന്നവനുമായ, പ്രവാചകന്റെ മേൽ നീ അനുഗ്രഹം ചൊരിയേണമേ!!!

പ്രവാചക തിരുമേനി(സ്വ)യുടെ മേൽ ദലാഇലുൽ ഖൈറാത്തുകാരൻ നടത്തിയ അതിരുവിട്ട പ്രസ്താവനകളാണിത്. അല്ലാഹുവോ, അല്ലാഹുവിന്റെ റസൂലോ ഇഷ്ടപ്പെടുന്നതല്ല ഈ അതിവർണ്ണനകളെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ദുഃഖങ്ങളകറ്റുന്നവനും, ഇരുളകറ്റി വെളിച്ചമേകുന്നവനും, അനുഗ്രഹത്തിന്റെ കൈകാര്യക്കാരനും, കാരുണ്യം നൽകുന്നവനും അല്ലാഹു അല്ലാതെ മറ്റാരാണ്?

13. ദലാഇലുൽ ഖൈറാത്തിന്റെ മാർജിനിൽ (പേജ്: 15) ഹിസ്ബുൽ അഅ്ളം എന്ന് പേരുള്ള ഒരു സ്വലാത്തുണ്ട്. അലി ബ്നു സുൽത്താൻ മുഹമ്മദ് അൽ ഖാരി എന്നയാളുടെ വിർദുകളിൽ നിന്നുള്ളതാണത്. അത് കാണുക:

اللّٰهُمَّ صَلِّ عَلَى سَيِّدِنَا مُحَمَّدٍ السَّابِقِ لِلْخَلْقِ نُورُهُ

'സകല സൃഷ്ടികൾക്കും മുമ്പേ, ആരുടെ പ്രകാശമാണൊ സൃഷ്ടിക്കപ്പെട്ടത്, ഞങ്ങളുടെ നേതാവായ ആ മുഹമ്മദിന്റെ മേൽ നീ അനുഗ്രഹം ചൊരിയേണമേ!!!'

ശുദ്ധ അസംബന്ധമാണ് നാമീ വായിച്ചത്. പ്രവാചകനെപ്പറ്റിയുള്ള നുണയാണിത്. നബി(സ്വ) വ്യക്തമായി പഠിപ്പിച്ചു തന്ന ഹദീസിന് വിരുദ്ധമാണ് അലി അൽഖ്വാരിയുടെ പ്രസ്താവന. അവിടുന്ന് പറഞ്ഞു:

إِنَّ أَوَّلَ مَا خَلَقَ اللّٰهُ الْقَلَمَ (الترمذي، صححه الألباني)

''അല്ലാഹു ആദ്യമായി സൃഷ്ടിച്ചത് ഖലമി(പേന)നെയാണ്.'' (തിർമിദി, അൽബാനി സ്വഹീഹാക്കിയത്)

'ജാബിറേ, അല്ലാഹു ആദ്യമായി സൃഷ്ടിച്ചത് നിന്റെ നബിയുടെ പ്രകാശമാണ്' എന്നൊരു വാചകം സാധാരണയായി സൂഫികളും മറ്റും ഉദ്ധരിക്കാറുണ്ട്. പ്രവചാകന്റെ മേൽ കെട്ടിയുണ്ടാക്കിയ വ്യാജ പ്രസ്താവനയാണ് ഇതെന്ന് ഹദീസ് പണ്ഡിതന്മാർ കൃത്യമായി വ്യക്തമാക്കിയിട്ടുള്ളതാണ്.

14. ദലാഇലുൽ ഖൈറാത്തിന്റെ ചില പഴയ പതിപ്പുകളിൽ ഒരു ക്വസീദയുണ്ട്. അതിലെ ഒരു വരിയുടെ സാരാംശം താഴെ കാണും പ്രകാരമാണ്

'ഖുതുബുസ്സമാനായ മുഹമ്മദ് ശൈഖ് അവർകളേ, പ്രയാസങ്ങൾ വന്നു ഭവിക്കുമ്പോൾ അങ്ങയാണ് ഞങ്ങളുടെ ശരണകേന്ദ്രം!'

കറകളഞ്ഞ ശിർക്കാണിത്. അല്ലാഹുവല്ലാതെ നമുക്ക് മറ്റൊരു ശരണകേന്ദ്രമിവുമില്ല. അവനിലല്ലാതെ മറ്റാരോടും അഭയാർഥന നടത്താവതുമല്ല. അവനാണ് എന്നെന്നും ജീവിക്കുന്നവനും എല്ലാറ്റിനും കഴിവുള്ളവനും. അവരുടെ ശൈഖുമാരാകട്ടെ എന്നോ മരിച്ച് മണ്ണടിഞ്ഞവരും, ഉപകാരോപദ്രവങ്ങൾക്ക് ശേഷിയില്ലാത്തവരുമാണ്.

15. ദലാഇലുൽ ഖൈറാത്ത് എന്ന പാഠക്കിത്താബിൽ സ്വീകാര്യയോഗ്യമായ ദിക്റുകളുണ്ടെന്നത് നേരാണ്. പക്ഷെ, അടിസ്ഥാനരഹിതവും, മുഅ്മിനുകളുടെ വിശ്വാസത്തെ ദുഷിപ്പിക്കുന്നതുമായ ഒട്ടേറെ വാറോലകൾ നിറഞ്ഞു നിൽക്കുന്നത് കൊണ്ട്തന്നെ സ്വഹീഹായ ദിക്റുകൾ പോലും വിശ്വാസികൾക്ക് അതിൽ നിന്ന് ഉപകരിക്കുകയില്ല. അതിനാൽ ജീവിതത്തിൽ നിന്നും മുഅ്മിനുകൾ അതിനെ മാറ്റിനിർത്തുകയാണ് വേണ്ടത്.

വിശദീകരിക്കപ്പെടേണ്ട ഗുരുതരമായ അബദ്ധങ്ങൾ ദലാഇലുൽ ഖൈറാത്തിൽ ഇനിയുമുണ്ട്. ഇത്രയും കൊണ്ട് ഇവിടെ അവസാനിപ്പിക്കുകയാണ്.

അല്ലാഹുവിന്റെ ഖുർആനും പ്രവാചക തിരുമേനി(സ്വ)യുടെ സുന്നത്തും അനുസരിച്ച് ജീവിക്കുക എന്നതാകട്ടെ നമ്മുടെ ദൃഢനിശ്ചയം. അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ

●